# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 4774

21-10-2011-ൽ മറുപടിക്ക്

## 'മീറ്റർ റീഡർ' തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കെ.എസ്.ഇ.ബി.യിൽ 'മീറ്റർ റീഡർ' തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) കെ.എസ്.ഇ.ബി.യിലെ 'മീറ്റർ റീഡർ' തസ്തികയിൽ 25% ക്വാട്ട പ്രകാരമുള്ള 334 ഒഴിവുകൾ 15.12.2010-ൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 03.02.2011-ൽ മീറ്റർ റീഡർ തസ്തികയിൽ നിന്നും സബ് എൻജിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയത് മുഖേനയുണ്ടായ ഒഴിവുകൾ തിട്ടപ്പെടുത്തേണ്ടതുണ്ട്. |
| (ബി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് ഉടൻ നിയമനം നടത്തുന്ന കാര്യം പരിഗണിക്കുമോ;<br>(സി) എങ്കിൽ പ്രസ്തുത ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകുമോ;<br>(ഡി) കൂടുതൽ ഒഴിവുകൾ ഇനിയും പ്രതീക്ഷിക്കുന്നുണ്ടോ? | (ബി), (സി) & (ഡി)<br>വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം, നടത്തപ്പെടുന്ന വർക്ക് സ്റ്റഡി പൂർത്തിയായ ശേഷം മാത്രമേ മീറ്റർ റീഡർമാരുടെ ഒഴിവുമായി ബന്ധപ്പെട്ട അന്തിമതീരുമാനം സാദ്ധ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ